പത്രക്കുറിപ്പ്
17-3-2017

## ദാരിദ്ര്യലഘൂകരണത്തിന്റെ അടിസ്ഥാനഘടകം മനുഷ്യശേഷി വികസനം: ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ്




തിരുവനന്തപുരം: ദാരിദ്ര്യലഘൂകരണത്തിന്റെ അടിസ്ഥാനഘടകം മനുഷ്യശേഷി വികസനമാണെനന് ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ്. കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ദ്വിദിന ദേശീയ സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രാദേശിക സാമ്പത്തിക വികസനവും സാമൂഹ്യനീതിയുമാണ് പഞ്ചായത്തുകളുടെ ലക്ഷ്യം. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് പഞ്ചായത്തുകളും സ്വയംസഹായ ഗ്രൂപ്പുകളും തമ്മിൽ ആരോഗ്യകരമായ ബന്ധം നിലനിർത്തേണ്ടത് ആവശ്യമാണ്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനോടൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനും ഊന്നൽ നൽകണം. പഞ്ചായത്തുകൾ പ്രാദേശിക സർക്കാരുകളാണ്. അവയ്ക്ക് രാഷ്ട്രീയവും വികസനപരവും സേവനപരവുമായ വ്യക്തിത്വമുണ്ട്. പല സംസ്ഥാനങ്ങളിലും വിഭവലഭ്യത വ്യത്യസ്തമായിരിക്കും. ഈ വിഭവങ്ങളെ ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള അവകാശം ലഭ്യമാകുന്ന വിധത്തിൽ സ്വയംസഹായ സംഘങ്ങളിലെ വനിതകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തണം. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ പഞ്ചാത്തുകൾ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നിലവിലെ സേവന മേഖല വിപുലീകരിച്ച് അതിന്റെ ഗുണഫലങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിനുമുള്ള ഒരു സംവിധാനമായും സ്വയംസഹായ സംഘങ്ങളെ പ്രയോജനപ്പെടുത്തണം. പദ്ധതികളുടെ ആനുകൂല്യങ്ങൾ നേടാൻ ഏറ്റവും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഗ്രാമസഭകളെ ഏർപ്പെടുത്തുന്നത് തിരഞ്ഞെടുപ്പിലെ സുതാര്യതയും അർഹരായ വ്യക്തികളെ അടുത്തറിയുന്നതുകൊണ്ടുമാണ്. സ്വയംസഹായ സംഘങ്ങളിൽ ജനാധിപത്യരീതിയിൽ വനിതാ

പഞ്ചായത്ത് പ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നത് പഞ്ചായത്തുമായുള്ള ബന്ധം കൂടുതൽ ശക്തമാക്കും. അതോടൊപ്പം അവകാശാധിഷ്ഠിത സമീപനത്തിലൂടെ ദാരിദ്ര്യ വിമുക്ത പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനും സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു.

നിലവിൽ പതിനൊന്നോളം സംസ്ഥാനങ്ങളിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും ഇതുവഴി ഇതരസംസ്ഥാനങ്ങളിൽ ഗ്രാമീണ വനിതകളുടെ സാമൂഹ്യ സാമ്പത്തിക ശാക്തീകരണം ഫലപ്രദമായ രീതിയിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയ വനിതകൾ നിലവിളക്കു കൊളുത്തി പരിപാടി ഉദ്ഘാടനം ചെയ്തു. സ്വയംസഹായ സംഘങ്ങളിലെ വനിതകൾ കുടുംബശ്രീ അനുഭവങ്ങൾ പങ്കു വച്ചു. ഒഡീഷ സ്റ്റേറ്റ് മിഷൻ ഡയറക്ടർ പ്രണബ് ജ്യോതിനാഥ്, തൃപുര ലൈവ്ലിഹുഡ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അരൂപ് രത്തൻ ശർമ, എൻ.ആർ.ഒ പ്രോഗ്രാം മാനേജർ മനുശങ്കർ , എൻ.ആർ.എൽ.എം. ഗ്രാമവികസന മന്ത്രാലയം ലീഡ്, ഉഷാറാണി എന്നിവർ സംസാരിച്ചു. പന്ത്രണ്ട് സംസ്ഥാനങ്ങളിലെ പ്രതിനിധികൾ, എം.ഇ.സിമാർ, ജില്ലാമിഷൻ അധികൃതർ, കൺസൾട്ടന്റ്മാർ എന്നിവർ പങ്കെടുത്തു.